(സി) വീണ് കിടക്കുന്ന മരങ്ങൽ ജീർണ്ണിച്ച് തുടങ്ങുന്നതിനു മുമ്പ് വനത്തിൽ നിന്നും സംഭരിച്ച് സർക്കാർ തടി ഡിപ്പോകളിലൂടെ ലേലം ചെയ്തു വിൽക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ;

(ഡി) വീണു ജീർണ്ണിച്ചുപോകുന്ന മരങ്ങളിൽ എത്ര ശതമാനം തടികൾ ലേലം ചെയ്തു വിൽക്കുന്നുണ്ട് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രതിവർഷം ഇപ്രകാരം നശിച്ചുപോകുന്ന തടികളുടെ വില കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ ഒഴികെയുള്ള മേഖലകളിൽ ലാഭകരമായി ശേഖരിച്ചു വിൽക്കാൻ കഴിയുന്ന എല്ലാ വീണുകിടക്കുന്ന തടികളും വർക്കിംഗ് പ്ലാൻ അംഗീകാരത്തിനു വിധേയമായി ലേലം ചെയ്തു വിൽക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശതമാനം എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

വിവിധ കുറ്റങ്ങൾക്ക് അന്വേഷണം നേരിടുന്ന വനം വകുപ്പ് ജീവനക്കാർ

105 [1238] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ അഴിമതി, വനംകൊള്ള, സാമ്പത്തിക ക്രമക്കേട് തുടങ്ങിയ കുറ്റങ്ങൾക്ക് എത്ര ജീവനക്കാരുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ട്.;

(സി) അന്വേഷണത്തിന്റെ ഭാഗമായി എത്ര ജീവനക്കാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്;

(എഫ്) അന്വേഷണം നീണ്ടുപോകുന്നത് കാരണം പല ഉദ്യോഗസ്ഥരും പെൻഷൻപറ്റി പിരിയുകയും ശിക്ഷയിൽ നിന്നും ഒഴിവാകുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുവാനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വനംവകുപ്പിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† വിജിലൻസ് അന്വേഷണത്തിന്റെ രഹസ്യ സ്വഭാവം കണക്കിലെടുത്ത് വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിജിലൻസ് അന്വേഷണത്തിന്റെ രഹസ്യ സ്വഭാവം കണക്കിലെടുത്ത് വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം അന്വേഷണം പൂർത്തിയാകുന്നതിനു മുൻപ് വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആദിവാസികൾക്ക് വനഭൂമി പതിച്ചു നൽകുന്ന നടപടിയും പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി ഏറ്റെടുക്കലും

106 [1240] ശ്രീ. വി. കെ. ചന്ദ്രൻ:
" എം. വി. ജയരാജൻ:
" രാജു എബ്രഹാം:
" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ആദിവാസികൾക്ക് പതിച്ചു നൽകുന്നതിന് എത്ര ഏക്കർ വനഭൂമി വിട്ടുതരണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) ആദിവാസികൾക്ക് പതിച്ചു നൽകുന്നതിന് എത്ര ഏക്കർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിനായി കേന്ദ്രത്തിൽ നിന്നും എത്ര ഏക്കർ ഭൂമി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) വനഭൂമി ഏറ്റെടുക്കുമ്പോൾ സംസ്ഥാന സർക്കാർ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്;

(എഫ്) കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനായി പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി ഏറ്റെടുക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly